# ന്യൂനപക്ഷം നീതിനിഷേധം പ്രതിരോധം/ ഖാലിദ് മൂസാ നദ്‌വി

**നീതി** നിഷേധിക്കപ്പെടുന്ന ന്യൂനപക്ഷം എന്ന പ്രയോഗം ഇന്നത്തെ ചർച്ചയിൽ ഇന്ത്യയിലെ മുസ്‌ലിംകളെ കുറിച്ചാണ് ഉപയോഗിക്കുന്നത്. ഇന്ത്യയിലെ ന്യൂനപക്ഷമായ മുസ്‌ലിംകൾക്ക് നീതി നിഷേധിക്കപ്പെടുന്നുണ്ട് എന്നതിൽ ഇന്ന് രണ്ടഭിപ്രായമില്ല. അതൊരു ജനാധിപത്യ പ്രശ്നമാണ്. കാരണം ഇന്ത്യ ഹിന്ദുക്കളുടെയോ മുസ്‌ലിംകളുടെയോ രാജ്യമല്ല. മുഴുവൻ ഇന്ത്യക്കാർക്കും തുല്യാവകാശവും തുല്യാധികാരവുമുള്ള ജനാധിപത്യരാജ്യമാണ്. ഇവിടെ ഹിന്ദുക്കൾ മുസ്‌ലിംകളെ ഭരിക്കുകയോ മുസ്‌ലിംകൾ ഹിന്ദുക്കളെ ഭരിക്കുകയോ അല്ല ചെയ്യുന്നത്. മറിച്ച് ജനാധിപത്യക്രമത്തിന്റെ സാക്ഷാത്കാരമായി ഇന്ത്യക്കാർ ഇന്ത്യക്കാരെ ഭരിക്കുകയാണ് ചെയ്യുന്നത്.

ഇന്ത്യക്കാരൻ ഇന്ത്യക്കാരനെ ഭരിക്കുന്ന ജനാധിപത്യ ക്രമത്തിൽ ഒരു പ്രത്യേക സമുദായം നീതിനിഷേധത്തിന് ഇരയാവുന്നത് ജനാധിപത്യത്തിന്റെ ബലക്ഷയമാണ്. ഈ ബലക്ഷയം പരിഹരിക്കലാണ് ശരിയായ പ്രതിരോധ സമീപനം.

അപ്പോൾ ഇന്ത്യൻ മുസ്‌ലിംകൾ എന്തുചെയ്യണം എന്ന ചോദ്യത്തിന്റെ ഉത്തരം ജനാധിപത്യത്തിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിന് സർഗാത്മകമായി പ്രതികരിക്കണം എന്നാണ്. ജനാധിപത്യത്തിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിന് സർഗാത്മകമായി പ്രതികരിക്കാൻ ഇന്ത്യൻ മുസ്‌ലിംകൾക്ക് ഇന്ന് കഴിയുന്നില്ല. അതിന്റെ കാരണം മുസ്‌ലിംകൾ തിരിച്ചറിവുള്ള ഒരാദർശ സമൂഹമാവുന്നില്ല എന്നതാണ്.

പൊതുസമൂഹധാരയിൽനിന്ന് വേറിട്ട് അപകർഷബോധത്തോടെ ഭരണകൂടത്തിന്റെ ഔദാര്യം പറ്റുന്ന ഒരു ജനതയെന്നതാവരുത് മുസ്‌ലിമിന്റെ സാക്ഷാൽ അവസ്ഥ. സർവ ജനതകളുടെയും മുന്നിൽ നിൽക്കലാണ് അവരുടെ ദൗത്യം (*ആലുഇംറാൻ* 110). ഉത്തമ സമൂഹം, ഉന്നത സമൂഹം, സത്യസാക്ഷ്യബാധ്യതയുള്ള സമൂഹം എന്നീ ഖുർആനികഗുണങ്ങൾ നഷ്ടപ്പെടുത്തിയതാണ് മുസ്‌ലിം സമൂഹത്തിന് പറ്റിയ ചരിത്രപരമായ വലിയ അബദ്ധം. ഓഹരി വെക്കപ്പെട്ട, വേറിട്ട ആദർശവ്യക്തിത്വമില്ലാത്ത ശിഥിലാവസ്ഥയിലാണ് മുസ്‌ലിംകളെന്ന് തിരിച്ചറിയപ്പെടുന്നേടത്ത് മാത്രമേ പരിഹാരാന്വേഷണം അർഥവത്തായിത്തീരുകയുള്ളൂ. ഇവിടെയാണ് ആദർശവത്കരണം പ്രതിരോധത്തിന്റെ മുന്നുപാധിയായിത്തീരുന്നത്. ഇസ്‌ലാമിനെക്കുറിച്ച ശരിയായ കാഴ്ചപ്പാടിന്റെ അഭാവം, പ്രവാചകപാതയിൽനിന്നുള്ള വ്യതിചലനം, അന്ധവിശ്വാസങ്ങൾ, രാഷ്ട്രീയ ദിശാബോധമില്ലായ്മ, മദ്യപാനം, പലിശ, സ്ത്രീധനം തുടങ്ങിയവയാണ് മുസ്‌ലിംകളുടെ മൗലിക പ്രശ്നങ്ങൾ എന്നംഗീകരിക്കപ്പെടേണ്ടതുണ്ട്. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിലൂടെ രൂപപ്പെടേണ്ടതാണ് മുസ്‌ലിം ആദർശസ്വത്വം. ഖുർആനും പ്രവാചകചര്യയും അടിസ്ഥാനമായി കാണുന്ന ഒരു ജനതക്ക് പ്രസ്തുത ആദർശസ്വത്വം അവഗണിച്ച് സംസാരിക്കുക സാധ്യമേയല്ല.

### നാം നമുക്ക് വേണ്ടി നിലകൊള്ളേണ്ടവരല്ല

മുസ്‌ലിംകളുടെ ആദർശ ഐക്യം ഒരിക്കലും വർഗീയമാവില്ല. മുസ്‌ലിംകൾ വേറിട്ട ഒരു പാർട്ടിയാവണം എന്ന കാഴ്ചപ്പാട് ജനാധിപത്യത്തെ ഒട്ടും ദുർബലപ്പെടുത്തുകയില്ല. വേറിട്ടതും സുസംഘടിതവുമായ മുസ്‌ലിംപാർട്ടിക്ക് ചെയ്യാനുള്ള ജോലി അല്ലാഹു ഏൽപിച്ച ജോലിയായിരിക്കണം. അല്ലാഹു ഏൽപിച്ച ജോലി മനുഷ്യസമൂഹത്തെ അഭിമുഖീകരിക്കലാണ്. ആ അഭിമുഖീകരണത്തിലൂടെ വിശ്വാസവൈകല്യങ്ങളിൽനിന്നും ധാർമികച്യുതിയിൽനിന്നും പട്ടിണിയിൽനിന്നും പൊതു സമൂഹത്തെ കരകയറ്റേണ്ടത് മുസ്‌ലിംകളുടെ സാമൂഹിക ബാധ്യതയാണ്. മുഴുവൻ ഇന്ത്യക്കാരുടെയും മൗലിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുന്ന ജനതയായി മുസ്‌ലിം സമൂഹം മാറുന്ന അവസ്ഥയെക്കുറിച്ചൊന്നാലോചിച്ചുനോക്കൂ. ആ അവസ്ഥ ആർജിക്കുന്നതിലൂടെ ആദർശ സമൂഹം എന്ന നിലക്ക് ജനാധിപത്യപ്രക്രിയയെ ശക്തിപ്പെടുത്താൻ മുസ്‌ലിംകൾക്ക് സാധിക്കുമെന്നതിൽ തർക്കമില്ല. ജനങ്ങൾക്ക് ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ നൽകലാണല്ലോ ജനാധിപത്യഭരണകൂടത്തിന്റെ ജോലി. ഈ ജോലി നിർവഹിക്കാൻ മുസ്‌ലിംകളെ അല്ലാഹു ചുമതലപ്പെടുത്തിയിട്ടുണ്ട് (*അൽബലദ്* 11–16, *അൽമാഊൻ* 1–3). മക്കയിലെ ബഹുദൈവ സമൂഹത്തിനെതിരെ ഖുർആൻ ഉയർത്തിയ പ്രധാന വിമർശനങ്ങളിലൊന്ന് അവരുടെ മുതലാളിത്ത സ്വഭാവമായിരുന്നു (*അൽഫജ്ർ* 17–20, *അത്തകാസുർ* 1–2, *അൽഹുമസ* 1–3). ഇന്ത്യൻ ബഹുദൈവ സമൂഹത്തിന്റെ മുതലാളിത്ത ഘടനയെ ആദർശപരമായി നേരിടാനുള്ള കരുത്ത് ആർജിക്കാത്തതാണ് ഖുർആനും മുസ്‌ലിംഅജണ്ടയും തമ്മിലുള്ള അകൽച്ചക്ക് പ്രധാന കാരണം. ഈ അകൽച്ച പരിഹരിച്ചാൽ വർഗീയ– സാമുദായിക അവസ്ഥകളെ മറികടന്ന് 'ജനങ്ങൾക്ക് വേണ്ടിയുള്ള ജനത' എന്ന ഖുർആനിക പദവിയിലേക്ക് ഇന്ത്യൻമുസ്‌ലിംകൾക്ക് ഉയരാൻ കഴിയും. ഇന്ത്യൻസമൂഹത്തിന്റെ യഥാർഥ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന സമൂഹമായി അവർ മാറുകയും ചെയ്യും. ജാതീയമായി വേർതിരിക്കപ്പെട്ട ജനതയാണ് ഇന്ത്യയിലെ ബഹുദൈവത്വ സമൂഹം. ഖുർആന്റെ മാനവിക കാഴ്ചപ്പാടിനോളം വരുന്ന മറ്റൊരു പരിഹാരം ജാതിപ്രശ്നത്തിന് ഇല്ലെന്നുള്ളതാണ് യാഥാർഥ്യം (*അൽഹുജുറാത്ത്* 13). അപ്പോൾ നമ്മുടെ സാക്ഷാൽ ദൗത്യം ചെറിയ ചെറിയ ആഭ്യന്തരപ്രശ്നങ്ങളിൽ കുരുങ്ങി ക്കിടക്കുന്നതിൽനിന്ന് മാറി സമൂഹത്തിലെ വലിയ വലിയ പ്രശ്നങ്ങൾക്ക് ഖുർആന്റെയും സുന്നത്തിന്റെയും പരിഹാരം നിർദേശിക്കലാണെന്ന് വരുന്നു.

നമ്മുടേതെന്ന് നാം വിചാരിക്കുന്ന പ്രശ്നങ്ങളല്ല യഥാർഥ മുസ്‌ലിംപ്രശ്നം. ബാബരിമസ്ജിദ് പ്രശ്നം നിയമവാഴ്ചയുടെ പ്രശ്നമാണ്. മുസ്‌ലിംകൾ വർഗീയമായി സംഘടിക്കലല്ല അതിന്റെ പരിഹാരം. മറിച്ച് നിയമവാഴ്ചയെ ശക്തിപ്പെടുത്തലാണ്. ബാബരിമസ്ജിദ് നഷ്ടപ്പെട്ടു എന്നതല്ല, നിയമവാഴ്ച ദുർബലപ്പെട്ടു എന്നതാണ് പ്രശ്നത്തിലെ മർമം. അപ്പോൾ ഇന്ത്യൻ നിയമവാഴ്ചയെ ബലപ്പെടുത്താനുള്ള ഇടപെടലായിരിക്കും പ്രസ്തുത വിഷയത്തിലെ യഥാർഥ മുസ്‌ലിംപ്രതിനിധീകരണം. തൊഴിൽ– വിദ്യാഭ്യാസ മേഖലകളിലെ മുസ്‌ലിം പിന്നാക്കാവസ്ഥ ഒരു ദേശീയ പ്രശ്നവും ഭരണഘടനാ പ്രശ്നവുമാണ്. തുല്യാധികാരം, അവസരസമത്വം തുടങ്ങിയ ജനാധിപത്യതത്ത്വങ്ങൾ ദുർബലമായിരിക്കുന്നു എന്നതാണ് പ്രസ്തുത പ്രശ്നങ്ങളിലെ മർമം. അപ്പോൾ ഭരണഘടനാ തത്ത്വങ്ങളുടെ സാക്ഷാത്കാരത്തിന് വേണ്ടിയുള്ള പൊതു ഇടപെടലാണ് പ്രസ്തുത പ്രശ്നങ്ങളുടെ പരിഹാരത്തിനായി നടക്കേ

ണ്ടത്. ആ ഇടപെടൽ സമുദായത്തിന്റെ ബാധ്യതയെന്നതിനപ്പുറം ഇന്ത്യൻ പൗരസമൂഹത്തിന്റെ പൊതുബാധ്യതയായി ഉയർത്തിക്കൊണ്ടുവരുന്നതിൽ നാം വിജയിക്കണം.

ഇന്ത്യൻ സാമൂഹികഘടനയെ ഇസ്‌ലാമികമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുക എന്ന പൊതുദൗത്യം വിസ്മരിച്ചുകൊണ്ട് മുസ്‌ലിംശാക്തീകരണമോ പ്രതിരോധസന്നാഹമോ സാധ്യമല്ല. ജനാധിപത്യം, നിയമവാഴ്ച, അവസരസമത്വം തുടങ്ങിയവയെയെല്ലാം ഇസ്‌ലാമികമൂല്യങ്ങളുടെ വർണം നൽകി കൂടുതൽ മനുഷ്യപ്പറ്റുള്ളതാക്കാൻ നമുക്ക് കഴിയും. മുസ്‌ലിംഅജണ്ടയുടെ നിർണയത്തിൽ ഈ മൗലിക ധർമം വിസ്മരിക്കുന്നേടത്താണ് വർഗീയവത്കരണവും സായുധവത്കരണവും സ്ഥാനം നേടുന്നത്.

വർഗീയവത്കരണം, സായുധവത്കരണം എന്നിവ ഇന്ത്യൻ ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്ന മാരകരോഗങ്ങളാണ്. രോഗികളാവുകയല്ല, രോഗചികിത്സ നിർവഹിക്കുകയാണ് നമ്മുടെ ജോലി. സംഘ്പരിവാർ വർഗീയമാണെന്നത്, ആർ.എസ്.എസ് സായുധമാണെന്നത് നാം വർഗീയവാദികളാവുന്നതിനോ ആയുധമണിയുന്നതിനോ ന്യായമാവാൻ പറ്റുകയില്ല. വർഗീയതക്കും സായുധസമീപനത്തിനുമെതിരായ സർഗാത്മക ജനാധിപത്യ പ്രതിരോധത്തിലാണ് നാം ഊന്നേണ്ടത്. ചരിത്രത്തിൽ പ്രവാചകന്മാർ ആ ദൗത്യമാണ് നിർവഹിച്ചത്.

ഖുർആനിക പരിപ്രേക്ഷ്യത്തിൽ പ്രബോധന-പ്രതിരോധ തന്ത്രങ്ങൾ രൂപപ്പെടുത്താനുള്ള വൈജ്ഞാനികശേഷി മുസ്‌ലിംനേതൃത്വത്തിന് വേണ്ട അളവിൽ ഇല്ല എന്നുള്ളതാണ് പരിഹരിക്കപ്പെടേണ്ട അടിയന്തര പ്രശ്നം. പ്രവാചകന്മാർക്കു ശേഷം പണ്ഡിതന്മാരാണ് സമൂഹനേതൃത്വം ഏറ്റെടുക്കേണ്ടതെന്ന് മുഹമ്മദ് നബി നിർദേശിച്ചിട്ടുണ്ട്. പക്ഷേ അത് വേണ്ട അളവിൽ നടക്കുന്നില്ല.

തൊള്ളായിരം വർഷം ദൈർഘ്യമുള്ള നൂഹ് നബിയുടെ പ്രബോധന- സഹനസമരചരിത്രം ഖുർആനിലുണ്ട്. ഫാഷിസവും വർഗീയതയും അതിന്റെ എല്ലാ ലക്ഷണങ്ങളും പ്രകടിപ്പിച്ച ഫറോവാ ഭരണകൂടത്തെയും ഖിബ്ത്വീസമൂഹത്തെയും മൂസാനബി എങ്ങനെ അഭിമുഖീകരിച്ചു എന്ന് ഖുർആൻ പറഞ്ഞുതരുന്നുണ്ട്. മുഹമ്മദ് നബിയുടെ മക്കാനിലപാടുകളും നമ്മുടെ മുമ്പിലുണ്ട്. പക്ഷേ ഇതൊന്നുംതന്നെ മുസ്‌ലിംഅജണ്ട സെറ്റിംഗിൽ മാർഗദർശകങ്ങളായിത്തീരുന്നില്ല.

അങ്ങേയറ്റം വർഗീയവത്കരിക്കപ്പെട്ട ഒരു സമൂഹത്തിലായിരുന്നു മൂസാനബി പ്രവർത്തിച്ചത്. എതിരാളി സമൂഹമായ ഖിബ്ത്വികളിൽപെട്ട ഒരാൾ അദ്ദേഹത്തിന്റെ കൈയാൽ ന്യായാന്യായതകൾ തീരുമാനിക്കപ്പെടാതെ വംശീയാടിസ്ഥാനത്തിൽ കൊല്ലപ്പെട്ടതിനെ ഖുർആൻ നിശിതമായാണ് കൈകാര്യം ചെയ്തത്. ഈജിപ്തിലെ മുസ്‌ലിംകളെ നിരന്തരം കശാപ്പുചെയ്യുന്ന ഖിബ്ത്വിസമൂഹത്തിലെ ഒരു ശല്യക്കാരൻ മൂസാനബിയാൽ അടിച്ചുവീഴ്ത്തപ്പെട്ടത് തെറ്റാണെന്ന് പറയാൻ ഖുർആനിന് കഴിയുന്നേടത്താണ് വിട്ടുവീഴ്ചയില്ലാത്ത ആദർശത്തിന്റെ കരുത്ത് നാം ദർശിക്കുന്നത് (*അൽഖസ്വസ്* 15,16). ഈ സംഭവത്തെയും ഖുർആനിക നിരൂപണത്തെയും വിലയിരുത്തിക്കൊണ്ട് സയ്യിദ് ഖുത്ബ് നടത്തുന്ന നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്: “സ്വജന പക്ഷപാതത്താൽ പ്രേരിതനായി ഒരു മനുഷ്യജീവനെതിരായ കൈയേറ്റം എന്ന് വേണമെങ്കിൽ ആ ചെയ്തിയെ വിശേഷിപ്പിക്കാം............ അല്ലെങ്കിൽ വ്യവസ്ഥിതിയിൽ ഒരു മാറ്റവും സൃഷ്ടിക്കാനാവാത്ത ധൃതിപിടിച്ച നടപടി എന്ന് അതിനെ വിലയിരുത്താം. വ്യവസ്ഥിതി മാറ്റാൻ കഴിയാത്ത അത്തരം വൈയക്തിക സംഘട്ടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം സമഗ്രവിമോചനത്തിന് കളമൊരുങ്ങുംവരെ കാത്തിരിക്കാൻ കൽപിക്കുക എന്നതാണ് ദൈവികരീതി. മക്കയിലെ മുസ്‌ലിംകളെ അത്തരം സംഘട്ടനങ്ങളിൽനിന്ന് അല്ലാഹു തടഞ്ഞുനിർത്തിയത് അതുകൊണ്ടാണല്ലോ” (*ഖുർആന്റെ തണലിൽ* വാള്യം 9 പേജ് 323 മലയാളം പതിപ്പ്). സായുധ നടപടി വിലക്കപ്പെട്ട സന്ദർഭത്തിലായിരുന്നു മൂസാ നബിയുടെ കൈയാലുള്ള ആ വധമെന്നും കൽപന ലഭിക്കുംവരെ ഒരു നബിക്കും സായുധനീക്കം അഭികാമ്യമല്ലെന്നും ഇമാം ഖുർത്വുബി പ്രസ്തുത സൂക്തത്തിന്റെ വ്യാഖ്യാനത്തിൻ രേഖപ്പെടുത്തിയിട്ടുണ്ട്. (*തഫ്സീർ ഖുർത്വുബി* ഭാഗം 13 പേജ് 198, 2005-ലെ പ്രിന്റിംഗ്).

അപരാധി- നിരപരാധി വേർതിരിവുകൾ പോലും പരിഗണിക്കപ്പെടാത്ത ജിഹാദീ നിർവചനങ്ങൾക്ക് ഖുർആന്റെയോ പ്രവാചക ചരിത്രത്തിന്റെയോ സാധൂകരണമില്ലെന്ന് വ്യക്തം. തീവ്രവാദത്തിന്റെ താത്ത്വികാചാര്യൻ എന്ന് തൽപരകക്ഷികൾ പ്രചരിപ്പിക്കുന്ന സയ്യിദ് ഖുത്ബ് എത്ര ഗംഭീരമായാണ് ലക്ഷ്യബോധമില്ലാത്ത സാമുദായിക സംഘട്ടനനീക്കങ്ങളെ നിരൂപിച്ചിരിക്കുന്നത് എന്ന് നാം കണ്ടുകഴിഞ്ഞു. തീവ്ര- ഭീകര ശൈലികളിലുള്ള സംഘർഷ ഗ്രൂപ്പുകൾക്ക് സാമ്രാജ്യത്വ യുദ്ധശൈലിയോടല്ലാതെ ഇസ്‌ലാമിന്റെ ജിഹാദീസംസ്കാരത്തോട് യാതൊരു സാദൃശ്യവുമില്ല.

ഫറോവയുടെ മുമ്പിൽ ഇസ്‌ലാമികപ്രബോധനവും മർദിത ജനതയുടെ വിമോചനപ്രശ്നം ഉന്നയിക്കലുമായിരുന്നു മൂസാനബിയുടെ ബാധ്യത. തന്റെ കൈയാൽ ഒരാൾ കൊല്ലപ്പെടാൻ ഇടയായത് തികഞ്ഞ വഴികേടാണെന്ന് തുറന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം ആ ദൗത്യത്തിന് തുടക്കം കുറിച്ചത് (*അശ്ശുഅറാഅ്* 20).

ജിഹാദിനെ തെറ്റായി വ്യാഖ്യാനിക്കുന്നേടത്താണ് മുസ്‌ലിംകൾക്കിടയിലെ വർഗീയ- സായുധവത്കരണം ജന്മമെടുക്കുന്നത്. ജിഹാദ് മഹത്തായ ഇസ്‌ലാമിക ദൗത്യമാണ്. ഈമാനിന്റെ സ്ഥായിയായ ലക്ഷണമായി ഖുർആൻ അതിനെ അടയാളപ്പെടുത്തിയിട്ടുണ്ട് (*അസ്സ്വഫ്ഫ്* 10,11). അല്ലാഹുവിനോടും നബിയോടുമുള്ള സ്നേഹത്തോട് ചേർത്തുകൊണ്ട് ഖുർആൻ ജിഹാദിന് പ്രേരിപ്പിച്ചിട്ടുണ്ട് (*അത്തൗബ* 24). അത് കേവലം കത്തിയും കഠാരയും ബോംബുമാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നത് ഖുർആനോടുള്ള അനീതിയാണ്. ജിഹാദ്, ഇജ്തിഹാദ്, മുജാഹദ എന്നീ മൂന്ന് ധർമങ്ങൾ ഇസ്‌ലാമികസമൂഹത്തിന്റെ നിലനിൽപിന് അനിവാര്യമായ നിരന്തര യത്നത്തിൽപെട്ടതാണ്. ‘നിർണിതലക്ഷ്യം നേടുന്നതിന് കഴിവിന്റെ പരമാവധി യത്നിക്കലാണ് ജുഹ്ദിന്റെ അടിസ്ഥാന താൽപര്യം’ (*ലിസാനുൽ അറബ്*). വാക്കിലും പ്രവൃത്തിയിലും എഴുത്തിലും യുദ്ധത്തിലും സന്ധിയിലുമെല്ലാം അപ്പോൾ ജിഹാദുണ്ട്. അക്രമിയായ ഭരണാധികാരിയോട് നീതിയുടെ വാക്ക് പറയൽ ഏറ്റവും ശ്രേഷ്ഠമായ ജിഹാദാണെന്ന് മുഹമ്മദ് നബി പ്രഖ്യാപിച്ചിട്ടുണ്ട്. ‘സായുധനീക്കം നടത്തരുത്’ എന്ന് കൽപിക്കപ്പെട്ട മക്കാഘട്ടത്തിൽ ജിഹാദ് ചെയ്യണം എന്ന് കൽപിക്കപ്പെട്ടിട്ടുണ്ട് (*അൽഫുർഖാൻ* 52, *അൽഅൻകബൂത്ത്* 6,69). *അൽഫുർഖാനിലെ*യും *അൽഅൻകബൂത്തിലെ*യും സൂക്തങ്ങൾ ഇറങ്ങിയതിനു ശേഷവും നബി സ്വഹാബിമാർക്ക് സായുധനീക്കം വിലക്കുകയാണ് ചെയ്തത്. സായുധനീക്കം, ജിഹാദ് എന്നിവ പര്യായപദങ്ങളായി പഠിപ്പിക്കുന്നതിന് ഇസ്‌ലാമികപ്രമാണങ്ങളിൽ യാതൊരു തെളിവുമില്ല.

മൂസാനബിയുടെ ഈജിപ്ഷ്യൻ നടപടിക്രമങ്ങളും മുഹമ്മദ് നബിയുടെ മക്കാ നടപടിക്രമങ്ങളും അധികാരമില്ലാത്ത ന്യൂനപക്ഷ മുസ്‌ലിംസമൂഹത്തിനുള്ള മാതൃകകളാണ്. ഇസ്‌ലാമിക പ്രബോധനം, സഹനം, മുസ്‌ലിംസമൂഹത്തിന്റെ ആദർശവത്കരണം, വിമോചനം എന്നീ പോയന്റുകളിൽ ഊന്നി മൂസാനബി നടത്തിയ പ്രവർത്തനങ്ങളിൽ അദ്ദേഹം ഫറോവയുടെ അധികാര വ്യവസ്ഥക്ക് കീഴിലായിരിക്കെ ഒരിക്കലും സായുധനീക്കം നടത്തിയിട്ടില്ല. മുഹമ്മദ് നബിയുടെ മക്കാകാലഘട്ടം ന്യൂനപക്ഷ മുസ്‌ലിംസമൂഹം ഏറെ പീഡിപ്പിക്കപ്പെട്ട ഘട്ടമായിരുന്നു. ആ സന്ദർഭത്തിൽ സായുധനീക്കം നടത്താൻ അല്ലാഹുവോ നബിയോ അനുവാദം നൽകിയിട്ടില്ല. ‘നിങ്ങൾ നിങ്ങളുടെ കരങ്ങളെ പ്രതികാരം ചെയ്യുന്നതിൽനിന്ന് തടുത്തുനിർത്തുക’ (*അന്നിസാഅ്* 77) എന്നായിരുന്നു അന്ന് ലഭ്യമായ ദൈവികകൽപന. പ്രസ്തുത സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം ഖുർത്വുബി ഇങ്ങനെ രേഖപ്പെടുത്തുന്നു: “ഇബ്നുഅബ്ബാസിൽനിന്ന് നിവേദനം: അബ്ദുർറഹ്മാനുബ്നു

ഔഫും സഖാക്കളും മക്കയിലായിരിക്കെ നബിയോടിങ്ങനെ പറഞ്ഞു: 'ഞങ്ങൾ ബഹുദൈവ വിശ്വാസികളായിരുന്നപ്പോൾ ഏറെ ഉന്നതരായിരുന്നു. ഇന്നിപ്പോൾ വിശ്വാസികളായപ്പോൾ നിന്ദ്യതയോ?' അപ്പോൾ നബി ഇങ്ങനെ പ്രത്യുത്തരം ചെയ്തു: 'വിട്ടുവീഴ്ച ചെയ്യാനാണ് എന്നോട് കൽപിച്ചിരിക്കുന്നത്. നിങ്ങൾ സായുധനീക്കം നടത്തരുത്" (*തഫ്സീർ ഖുർത്വുബി* ഭാഗം 3 പേജ് 194, 2005-ലെ പ്രിന്റിംഗ്). ഹിജ്റ രണ്ടാം വർഷത്തിലാണ് ആദ്യ സായുധനീക്കം നടന്നത്. മദീനയിലെ സുസ്ഥിര ഇസ്‌ലാമിക ഗവൺമെന്റിനാണ് അല്ലാഹു ആ അനുവാദം നൽകിയത്. സുസ്ഥിരമായ മദീനാ ഗവൺമെന്റ് നിലവിൽവന്ന ഉടനെ ജൂത-ക്രൈസ്തവ- മുസ്‌ലിം മുന്നണി രൂപപ്പെടുത്തി യുദ്ധരഹിത അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നബി(സ) പ്രാമുഖ്യം നൽകിയിരുന്നു. ബാഹ്യശക്തികൾ ഗവൺമെന്റിനെ അപായപ്പെടുത്താൻ തുനിഞ്ഞപ്പോഴായിരുന്നു അനിവാര്യമായ യുദ്ധം സംഭവിച്ചത്.

മക്കയിലായിരിക്കെ നബി(സ) അബൂത്വാലിബിന്റെ സംരക്ഷണം സ്വീകരിച്ചതും അബൂബക്ർ ഇബ്നുദുഗ്നയുടെ അഭയം അംഗീകരിച്ചതുമെല്ലാം അധികാരമില്ലാത്ത പ്രബോധക സമൂഹങ്ങൾക്ക് മാതൃകകളാണ്. ഹിജ്റ വേളയിൽ ഒരമുസ്‌ലിമിനെ നബി സഹായിയായി കണ്ടതും ആദ്യ ഹിജ്റ നജ്ജാശിയെന്ന ക്രൈസ്തവ രാജാവിന്റെ നാട്ടിലേക്കായതും രക്തരഹിത പ്രതിരോധതന്ത്രങ്ങളുടെ ഭാഗമാണ്. ആദർശവീര്യമുള്ള വ്യക്തിത്വവും വിശാലമായ പ്രായോഗിക നടപടിക്രമങ്ങളും ചേരുന്നതായിരിക്കണം ന്യൂനപക്ഷ മുസ്‌ലിം ജീവിതമെന്ന് പ്രസ്തുത ഉദാഹരണങ്ങളിൽനിന്ന് നമുക്ക് ഗ്രഹിക്കാവുന്നതാണ്.

മക്കയിലെ സായുധനീക്കം വിലക്കിക്കൊണ്ടുള്ള സൂക്തത്തിന്റെ (*അന്നിസാഅ്* 77) വിശദീകരണത്തിൽ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി ഇങ്ങനെ രേഖപ്പെടുത്തി യിരിക്കുന്നു: "ജനങ്ങൾ യുദ്ധത്തിന് വെമ്പൽകൊണ്ടിരുന്നു. അവർ അടിക്കടി പറഞ്ഞുകൊണ്ടിരുന്നു; 'ഞങ്ങൾ ദ്രോഹിക്കപ്പെടുകയാണ്. ഞങ്ങളെ ശകാരിക്കുന്നു, മർദിക്കുന്നു, തെറിപറയുന്നു. ഇതിനൊന്നും പ്രതികാരം ചെയ്യാതെ എത്ര കാലമാണ് ഞങ്ങൾ ക്ഷമിക്കുക ? ഞങ്ങളെ പകരം ചോദിക്കാൻ അനുവദിക്കുക.' അന്നവരോടുള്ള ദൈവശാസന ഇതായിരുന്നു: ക്ഷമിക്കുക, നമസ്കാരവും സകാത്തും അനുഷ്ഠിക്കുക. അങ്ങനെ ആത്മസംസ്കരണം സാധിക്കുക. ഈ ശാസന അവർക്ക് വലിയ ഭാരമായി തോന്നി. സഹിക്കാനും പൊറുക്കാനും അവർക്ക് പ്രയാസമായി" (*തഫ്ഹീമുൽ ഖുർആൻ* വാള്യം 1 പേജ് 331 മലയാളം പതിപ്പ്). പ്രസ്തുത സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ സായുധനീക്കം തടഞ്ഞതിന്റെ കാരണങ്ങളെക്കുറിച്ച് സയ്യിദ് ഖുത്വ്ബ് നടത്തുന്ന നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധേയമാണ്.

1. മക്കാ കാലഘട്ടം പരിശീലനത്തിന്റെയും തയാറെടുപ്പിന്റെയും ഘട്ടമാണെന്നതാവാം അതിന്റെ ഒരു കാരണം.......... ആദ്യത്തെ പ്രേരണക്കുതന്നെ അയാൾ വശംവദനാകാൻ പാടില്ല. ആദ്യത്തെ പ്രകോപനത്തിൽതന്നെ എടുത്തുചാടാനും പാടില്ല.......... തന്റെ പ്രകൃതത്തിലും ചലനത്തിലും അയാൾക്ക് നിയന്ത്രണം വേണം, സന്തുലനം വേണം, ജീവിതത്തിന്റെ എല്ലാ കാര്യങ്ങൾക്കും ആശ്രയിക്കാവുന്ന ഒരു നേതൃത്വമുള്ള സുശിക്ഷിതരായ സമൂഹമായി വളരാൻ അവരെ ശീലിപ്പിക്കേണ്ടതുണ്ട്. ആ നേതൃത്വത്തിന്റെ നിർദേശങ്ങൾക്കൊത്ത് മാത്രമേ അവർ ചലിക്കാവൂ....... പുരോഗമനോന്മുഖവും നാഗരികവും സാംസ്കാരികവുമായ ഒരു മുസ്‌ലിംസമൂഹത്തിന്റെ സൃഷ്ടിക്കായി അറബികളെ ഒരുക്കുന്നതിന്റെ ആധാരശിലയായിരുന്നു ഈ നടപടി.

2. ഗോത്രാഭിമാനത്തിലും അന്തസ്സിലും കഴിഞ്ഞിരുന്ന ഖുറൈശികളുടേതുപോലുള്ള പരിതഃസ്ഥിതിയിൽ സമാധാനപരമായ പ്രബോധനത്തിന് ശക്തമായ സ്വാധീനം സൃഷ്ടിക്കാൻ കഴിയുമെന്നതാണ് മറ്റൊരു കാരണം. ഈ ഘട്ടത്തിൽ അവരോട് യുദ്ധം ചെയ്യുന്നത് ശത്രുതയുടെ ആക്കം കൂട്ടാനും അതുവഴി പുതിയ ചോരക്കലാപങ്ങൾക്ക് വഴിമരുന്നിടാനും ഇടയാക്കിയേക്കാം .......... അങ്ങനെ ഇസ്‌ലാം ഒരു പ്രബോധനം എന്ന അതിന്റെ പദവിയിൽനിന്ന് കലാപത്തിലേക്കും പ്രതികാര പരമ്പരയിലേക്കും മാറുകയും അതിന്റെ മൗലികദർശനം വിസ്മരിക്കപ്പെട്ടുപോവുകയും പിന്നീട് ഒരിക്കലും ഓർക്കപ്പെടാത്ത അഗണ്യകോടിയിലേക്ക് തള്ളപ്പെടുകയും ചെയ്യുമായിരുന്നു.

3. ചിലപ്പോഴത് എല്ലാ വീടുകളിലും യുദ്ധവും രക്തച്ചൊരിച്ചിലുമുണ്ടാവുന്നത് ഒഴിവാക്കാനായിരുന്നിരിക്കാം.

4. ആദ്യകാല മുസ്‌ലിംകളെ അവരുടെ മതത്തിൽനിന്ന് പിന്തിരിപ്പിക്കാനായി മർദന പീഡനങ്ങൾ അഴിച്ചുവിട്ടിരുന്ന എതിരാളികളിൽ പലരും ഭാവിയിൽ ഇസ്‌ലാമിന്റെ സന്നദ്ധ ഭടന്മാരും ത്യാഗിവര്യന്മാരായ നേതാക്കന്മാർ തന്നെയും ആയിത്തീരുമെന്ന അല്ലാഹുവിന്റെ അറിവുകൊണ്ടുമാകാം. ഉമറുബ്നുൽ ഖത്ത്വാബുമുണ്ടായിരുന്നുവല്ലോ അവരുടെ കൂട്ടത്തിൽ.

5. പീഡനങ്ങൾ സഹിക്കുന്നവരും അത് തടുക്കാൻ കഴിയാത്തവരുമായ മർദിതരോടുള്ള സഹതാപവികാരം ഇളക്കിവിടുന്ന അറേബ്യൻ മഹാമനസ്കതയെ പരിഗണിച്ചുകൊണ്ടുമാകാം........ ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് അബൂബക്ർ മക്കയിൽനിന്ന് ഹിജ്റ പോകാൻ ഒരുങ്ങിയപ്പോൾ ഇബ്നുദുഗ്ന അദ്ദേഹത്തെ വേർപിരിയാൻ വിസമ്മതിച്ചു.......... തന്റെ സഹവാസവും സംരക്ഷണവും അബൂബക്റിന് വാഗ്ദാനം ചെയ്തു. ശിഅ്ബു അബീത്വാലിബിൽ നിലനിന്നിരുന്ന ഉപരോധം ഒഴിവാക്കപ്പെട്ടു.

6. മുസ്‌ലിംകൾ അന്ന് മക്കയുടെ അതിരുകൾക്കുള്ളിൽ ഉപരോധിക്കപ്പെട്ടിരുന്ന ഒരു ന്യൂനപക്ഷമായിരുന്നു എന്നതും അതിന്റെ കാരണമാവാം.

7. ഇത്തരം പരിഗണനകളെയെല്ലാം മറികടന്ന് യുദ്ധത്തിനും പ്രതിരോധത്തിനും കൽപിക്കേണ്ട അനിവാര്യവും അടിയന്തരവുമായ സാഹചര്യമൊന്നും അപ്പോൾ നിലനിന്നിരുന്നില്ല. കാരണം ഈ ആദർശത്തെ സംബന്ധിച്ചേടത്തോളം ഏറ്റവും അടിസ്ഥാനപരമായ കാര്യം പ്രബോധനത്തിന്റെ അസ്തിത്വമാണ്........ ഗോത്രവ്യവസ്ഥതയുടെ താൽപര്യങ്ങളുടെ സംരക്ഷണത്തിൻ കീഴിൽ മുഹമ്മദ് നബി(സ) പ്രബോധനം നിർവഹിച്ചുവരികയും ചെയ്തു ...... അതുകൊണ്ടുതന്നെ ഇസ്‌ലാമിക പ്രബോധനത്തിന് ഇതുപോലൊരു സാഹചര്യത്തിൽ ഏറക്കുറെ സഹായകമായ ഈ പരിഗണനകളെയെല്ലാം മാറ്റിവെച്ചുകൊണ്ട് ഒരു യുദ്ധത്തിലേക്കെടുത്തുചാടാൻ നിർബന്ധിതമാക്കുന്ന അടിയന്തര സ്ഥിതിവിശേഷങ്ങളൊന്നും അപ്പോഴുണ്ടായിരുന്നില്ല (*ഖുർആന്റെ തണലിൽ* വാള്യം 3 പേജ് 380-384).

സന്ധിയാവലിന്റെയും സഹനത്തിന്റെയും മക്കാശൈലിയാണ് ശക്തമായ മദീനാപ്രസ്ഥാനത്തിലേക്ക് എത്തിച്ചേരാൻ നബിയുടെ പ്രസ്ഥാനത്തെ സജ്ജമാക്കിയതെന്ന് മനസ്സിലാക്കാവുന്നതാണ്. ശത്രുക്കളുടെ സമീപനങ്ങൾ പ്രതിലോമപരവും പ്രതികാരാത്മകവുമായ സന്ദർഭങ്ങളിലെല്ലാം ന്യൂനപക്ഷ മുസ്‌ലിംസമൂഹം സ്വീകരിച്ച ലൈൻ പൊതുവെ ദഅ്‌വത്ത് (പ്രബോധനം), സ്വബ്ർ (സഹനം), തവക്കുൽ (അല്ലാഹുവിൽ ഭരമേൽപിക്കൽ) എന്നീ മൂന്ന് തത്ത്വങ്ങളിൽ ഊന്നിക്കൊണ്ടാണെന്ന് നമുക്ക് കാണാം. നൂഹ്, ഹൂദ്, സ്വാലിഹ്, മൂസാ എന്നിവരുടെ ചരിത്രത്തിലേക്ക് വിരൽചൂണ്ടിയ ശേഷം ഖുർആൻ പറയുന്നു: "അവരും അവരുടെ ജനതയും ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു. ഞങ്ങളെന്തിന് അല്ലാഹുവിൽ ഭരമേൽപിക്കാതിരിക്കണം; ഞങ്ങളുടെ ജീവിതത്തിന് അവൻ മാർഗദർശനമരുളിയിരിക്കെ. നിങ്ങൾ ഞങ്ങളോട് അനുവർത്തിച്ചുകൊണ്ടിരിക്കുന്ന ദ്രോഹങ്ങളിൽ തീർച്ചയായും ഞങ്ങൾ സഹനം അവലംബിക്കും. ഭരമേൽപിക്കുന്നവരെല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചുകൊള്ളട്ടെ" (*ഇബ്റാഹീം* 12).

ഒരു പ്രവാചകനും ഒരു തുണ്ടുഭൂമിയിലെങ്കിലും പരമാധികാര ഗവൺമെന്റ് രൂപപ്പെടുന്നതുവരെ സായുധപോരാട്ടത്തിന് നേതൃത്വം കൊടുത്തതായി ഖുർആനിലോ മറ്റേതെങ്കിലും

പ്രാമാണിക രേഖകളിലോ തെളിവില്ല. നിരന്തരമായ പ്രബോധനവും സഹനസമരവും വഴി മുന്നേറുകയാണ് അവർ ചെയ്തത്. പ്രബോധനദൗത്യത്തിന്റെ പൂർത്തീകരണത്തിനു ശേഷമല്ലാതെ (*ഇത്മാമുൽ ഹുജ്ജ*) ഒരു ജനതയെയും ഒരു നബിയും കൈയൊഴിച്ചിട്ടുമില്ല.

അധികാരശേഷിയില്ലാത്ത ന്യൂനപക്ഷ സമൂഹം സാമുദായികപ്രേരിതരായി നടത്തുന്ന സായുധ പ്രതിരോധങ്ങളുടെ അനിവാര്യ ഫലമാണ് നിരപരാധികളുടെ വേട്ട. ലോകത്ത് നിലനിൽക്കുന്ന എല്ലാ തീവ്രവാദ-ഭീകരവാദ ഗ്രൂപ്പുകളും നിരപരാധികളെ നിരന്തരം വേട്ടയാടുന്നുണ്ട്. ഒരു നിരപരാധി കൊലചെയ്യപ്പെടുന്നത് മാനവസമൂഹം പൂർണമായും കൊലചെയ്യപ്പെടുന്നതിന് സമാനമാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട് (*അൽമാഇദ* 32). ജൂതനായ ഒരു നിരപരാധിക്ക് ശിക്ഷവിധിക്കാൻ ഇടയായ സാഹചര്യം മുൻനിർത്തി നീതിയോടുള്ള വിട്ടുവീഴ്ചയില്ലാത്ത ഇസ്‌ലാമിക കാർക്കശ്യം ഖുർആൻ വെളിപ്പെടുത്തിയിട്ടുണ്ട് (*അന്നിസാഅ്* 105-115). നിരപരാധികൾ വധിക്കപ്പെടുന്ന, നാട്ടിൽ മുഴുക്കെ കലാപം പടരുന്ന അവസ്ഥയെ ഖുർആൻ ഫിത്ന, ഫസാദ് എന്നൊക്കെയാണ് പേര് വിളിച്ചിരിക്കുന്നത് (*അൽമാഇദ* 33). ഖുർആൻ യുദ്ധം അനുവദിച്ചിരിക്കുന്നത് ഫിത്നയുടെ വിപാടനത്തിനാണ് (*അൽബഖറ* 179, *അൽഅൻഫാൽ* 39). തീവ്ര സായുധസംഘങ്ങളാകട്ടെ സമാധാനഭംഗവും ഫിത്നയും വ്യാപിപ്പിക്കുകയാണ് ചെയ്യുന്നത്. ഫിത്ന കൊലയേക്കാൾ ഭീകരമാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട് (*അൽബഖറ* 191, 217).

മദീനയിൽ യുദ്ധാനുമതി ലഭിച്ച ഖുർആൻസൂക്തം പരാമർശിച്ചുകൊണ്ട് അമീൻ അഹ്സൻ ഇസ്‌ലാഹി ഇപ്രകാരം എഴുതുന്നു: "ശിഥിലസമൂഹം നടത്തുന്ന യുദ്ധം കുഴപ്പം അവസാനിപ്പിച്ച് നീതിയും സത്യവും സുസ്ഥാപിക്കുന്നതിൽ വിജയം വരിക്കുകയില്ല. സത്യവും നീതിയും സംസ്ഥാപിക്കുന്നതിനു മാത്രമേ ഇസ്‌ലാമിൽ യുദ്ധം അനുവദിക്കപ്പെട്ടിട്ടുള്ളു. പക്ഷേ മദീനാ ഹിജ്റക്കു ശേഷം അവസ്ഥകളിൽ മാറ്റം വരികയും തുടർന്ന് പ്രതിരോധത്തിനായി വാളുയർത്താൻ മുസ്‌ലിംകൾക്ക് അനുവാദം നൽകപ്പെടുകയും ചെയ്തു"(*തദബ്ബുറെ ഖുർആൻ* സൂറഃ *അൽഹജ്ജി*ന്റെ വ്യാഖ്യാനക്കുറിപ്പ്).

ജിഹാദിന്റെ സമഗ്ര കാഴ്ചപ്പാടിനനുസൃതമായി മുസ്‌ലിം സമൂഹത്തിന് കർമമാതൃകകൾ സമർപ്പിച്ചുകൊണ്ട് മൗലാനാ മൗദൂദി എഴുതുന്നു: "നാം രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നുവെങ്കിൽ അത് അധികാരം നേടുന്നതിനോ മറ്റെന്തെങ്കിലും രാഷ്ട്രീയ ലക്ഷ്യസാക്ഷാത്കാരത്തിനോ വേണ്ടിയല്ല. സത്യമതത്തിന്റെ സംസ്ഥാപനത്തിനിടയിൽ വന്നു ചേരുന്ന തടസ്സങ്ങൾ നീക്കാനും രാജ്യത്ത് ജനാധിപത്യരീതിയിലൂടെ വിപ്ലവം വിജയിപ്പിച്ചെടുക്കാനും മാത്രമാണ്. ജനാധിപത്യരീതിതന്നെ വിപ്ലവത്തിന് തെരഞ്ഞെടുക്കണമെന്ന് ജമാഅത്തിന് നിർബന്ധമുണ്ട്. അല്ലാഹുവിനെ സാക്ഷിനിർത്തിക്കൊണ്ടു തന്നെ പറയട്ടെ, ജമാഅത്തെ ഇസ്‌ലാമി ഏതെങ്കിലും വിധത്തിലുള്ള ഭീകരപ്രവർത്തനമോ അട്ടിമറിയോ ഒളിയുദ്ധമോ അതുപോലുള്ള നിയമവിരുദ്ധ മാർഗങ്ങളോ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ ലക്ഷ്യം നേടാൻ ഒരിക്കലും സന്നദ്ധമല്ല. ആരെയെങ്കിലും ഭയപ്പെടുന്നതുകൊണ്ടല്ല അത് ജനാധിപത്യരീതി മാത്രം അവലംബിച്ചുകൊണ്ട് വിപ്ലവം സൃഷ്ടിച്ചെടുക്കാൻ തീരുമാനിച്ചത്....... മനുഷ്യമനസ്സിലെ ചിന്തകളെയും അവരുടെ സ്വഭാവശീലങ്ങളെയും മാറ്റാൻ കഴിയാതെ ശക്തിയും അധികാരവും ഉപയോഗിച്ചോ ഭീകരപ്രവർത്തന തന്ത്രങ്ങളുപയോഗിച്ചോ മാറ്റം വരുത്താമെന്ന് കരുതുന്നത് വിഫലമോഹമാണ്" (അവലംബം, *പ്രബോധനം ജമാഅത്തെ ഇസ്‌ലാമി അമ്പതാം വാർഷികപ്പതിപ്പ്*, പേജ് 44).

ഹിന്ദുത്വവാദികളും മുസ്‌ലിംസാമുദായികവാദികളും ഇന്ത്യാവിഭജനമെന്ന അപകടകരവും വിനാശകരവുമായ ഫോർമുല മുന്നോട്ടുവെച്ചപ്പോൾ തീർത്തും രാഷ്ട്രീയമായ പരിഹാരം സമർപ്പിക്കാൻ മൗദൂദി സാഹിബ് മുന്നോട്ടുവരികയുണ്ടായി. അദ്ദേഹമന്ന് മൂന്ന് ബദൽ മാർഗങ്ങൾ സമർപ്പിക്കുകയുണ്ടായി. സ്വയംനിർണയാവകാശമുള്ള കോൺഫെഡറേഷൻ എന്നതായിരുന്നു ആ രാഷ്ട്രീയ രൂപരേഖയുടെ ഉള്ളടക്കം. വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹിക സ്ഥാപനങ്ങളുടെ മേൽ ഓരോ മതവിഭാഗത്തിനും സ്വയംഭരണാവകാശം അനുവദിക്കുന്ന ഘടനയാണ് അതിനദ്ദേഹം നിർദേശിച്ചത്. അത് സാധ്യമല്ലെങ്കിൽ സാംസ്കാരിക അടിസ്ഥാനത്തിൽ സ്വയം നിർണയാവകാശമുള്ള സ്റ്റേറ്റുകളാവാമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. ഉപഭൂഖണ്ഡത്തെ രണ്ട് ഫെഡറേഷനാക്കുക എന്നതായിരുന്നു മൂന്നാമത്തെ നിർദേശം. രണ്ടും ചേർന്ന് ഒരു കോൺഫെഡറേഷനാക്കുകയും പ്രതിരോധം, ഗതാഗതം, വ്യാപാരം എന്നിവ കോൺഫെഡറേഷന്റെ കീഴിൽ കൊണ്ടുവരികയും വേണമെന്നും അദ്ദേഹം നിർദേശിക്കുകയുണ്ടായി.

ഇന്ത്യൻ സാഹചര്യം പ്രയോജനപ്പെടുത്തി കടമകൾ നിർവഹിക്കുകയാണ് ഇന്ത്യയിലെ മുസ്‌ലിംസമൂഹത്തിന്റെ ബാധ്യത. ഇന്ത്യ യുദ്ധം പ്രഖ്യാപിക്കപ്പെട്ട ദാറുൽ ഹർബോ ദാറുൽ കുഫ്റോ അല്ല. പ്രബോധനപ്രവർത്തനങ്ങൾക്കും അവകാശപോരാട്ടങ്ങൾക്കും ജനാധിപത്യ പരിരക്ഷയുള്ള, നീതിക്ക് നിയമവാഴ്ചയുടെ പരിരക്ഷയുള്ള, തുല്യാധികാരത്തിനും അവസര സമത്വത്തിനും ഭരണഘടനാ പരിരക്ഷയുള്ള രാഷ്ട്രമാണ് നമ്മുടേത്.

മുസ്‌ലിംകളോട് ഉന്മൂലനയുദ്ധം പ്രഖ്യാപിച്ച ശത്രുരാജ്യമാണ് ഇന്ത്യയെന്ന് ഒരു തീവ്രവാദിക്കും അഭിപ്രായമുള്ളതായി കേട്ടിട്ടില്ല. മുസ്‌ലിം യുവതയെ സായുധ പ്രതിരോധത്തിന്റെ സൂചിമുനയിൽ കയറ്റിനിർത്താൻ ഖുർആൻ- ഹദീസ് വചനങ്ങളും മൗദൂദി- ഖുത്ബ് രചനകളും ദുരുപയോഗം ചെയ്യുന്ന ദുരൂഹസംഘങ്ങൾക്ക് ആ നിലപാടുകൾ ഉണ്ടോയെന്ന് അറിയില്ല.

ജനാധിപത്യം, നിയമവാഴ്ച, ഭരണഘടനാ പരിരക്ഷ, തെരഞ്ഞെടുപ്പിൽ മത്സരിച്ച് വ്യവസ്ഥയിൽ മാറ്റം വരുത്താനുള്ള അവസരം എന്നീ ഇന്ത്യൻ സവിശേഷതകൾ ഉപയോഗപ്പെടുത്തുകയാണ് മുസ്‌ലിംസമൂഹത്തിന്റെ കടമ. ഇവിടെയുള്ള പരിമിതികളും പ്രതിസന്ധികളും ഫാഷിസ്റ്റ് സാന്നിധ്യവും വർഗീയ കലാപങ്ങളുടെ ചരിത്രവും വിസ്മരിച്ചുകൊണ്ടല്ല ഇത് പറയുന്നത്.

ചുരുക്കത്തിൽ, അട്ടിമറി ലൈനിനോ തീവ്രവാദനീക്കത്തിനോ സായുധ ഒളിയുദ്ധങ്ങൾക്കോ ന്യൂനപക്ഷ മുസ്‌ലിംസമൂഹം മുന്നിട്ടിറങ്ങുന്നതിന് ഖുർആനോ സുന്നത്തോ പൂർവകാല ഇസ്‌ലാമിക പണ്ഡിതരോ സമകാല ഇസ്‌ലാമികചിന്തകരോ പിൻബലമേകുന്നില്ല. പ്രബോധനപ്രവർത്തനം, രാഷ്ട്രീയനീക്കം, ഭരണഘടാനനുസൃതമായ അവകാശപോരാട്ടം എന്നിവയിലൂടെ ജനാധിപത്യശൈലിയിൽ വിമോചനപ്രവർത്തനങ്ങൾ സംഘടിപ്പിക്കലാണ് ഇന്ത്യൻമുസ്‌ലിംകൾക്ക് കരണീയം.

ഒന്നാമതായി വിശ്വാസപരമായ കരുത്താർജിക്കണം. തുടർന്ന് വിദ്യാഭ്യാസ-വൈജ്ഞാനിക-മണ്ഡലങ്ങളിൽ ശാസ്ത്രസാങ്കേതിക ശേഷികളോടെ മുൻനിരയിൽ വരണം. ശാഖാപരവും നിസ്സാരവുമായ അഭിപ്രായഭിന്നതകൾ മാറ്റിവെച്ച് ഇസ്‌ലാമികസമൂഹം ആദർശാധിഷ്ഠിത ഏകീകരണത്തിന് സന്നദ്ധമാകണം. ജനാധിപത്യ പരീക്ഷണത്തെ അഭിമുഖീകരിക്കാൻ പര്യാപ്തമായ രാഷ്ട്രീയ ശേഷി ആർജിക്കണം. വർഗീയ ഫാഷിസ്റ്റ് സാമ്രാജ്യത്വ ലോബികളെ തോൽപിക്കുന്നതിന് വിശാലമായ ജനകീയ പ്ലാറ്റ്ഫോറം കെട്ടിപ്പടുക്കുന്നതിൽ നേതൃപരമായ പങ്കുവഹിക്കണം. ഗവേഷണമേഖലയിൽ മനുഷ്യസമ്പത്ത് ചെലവഴിക്കുകയും ഇസ്‌ലാമിനെയും ഇന്ത്യയിലെ ഇസ്‌ലാമിക ചരിത്രത്തെയും ഏറ്റവും പുതിയ ഭാഷയിൽ അവതരിപ്പിക്കുന്ന കനപ്പെട്ട ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും വേണം. ഇംഗ്ലീഷിലും ഹിന്ദിയിലും പ്രാദേശിക ഭാഷകളിലും നിലവാരമുള്ള പത്രമാധ്യമങ്ങളും ഇലക്ട്രോണിക് മീഡിയയും വേണം. ആരോഗ്യവും കരുത്തുമുള്ള യുവജനസമ്പത്ത് വേണം. ഇങ്ങനെ വൈജ്ഞാനിക യുഗത്തിന് ചേരുന്ന പ്രതിരോധരീതികൾ നമുക്ക് ഒരു കാരണവശാലും അന്യമാകാൻ പാടില്ല. ■